# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:221** **05.05.2017-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യബന്ധനമേഖല നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനമേഖല നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിച്ച് ഈ മേഖലയുടെ വികസനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളും അറിയിക്കാമോ; | എ) ഉൾനാടൻ മത്സ്യങ്ങളുടെ അനിയന്ത്രിതമായ ചൂഷണം, മത്സ്യകുഞ്ഞുങ്ങളുടെ നാശവും ലഭ്യത കുറവും, ജലാശയങ്ങളിലെ നീരൊഴുക്കിലുണ്ടായിട്ടുള്ള കുറവ്, ജല മലിനീകരണം, പരിസ്ഥിതി നശീകരണം, അനധികൃത/അശാസ്ത്രീയ മത്സ്യബന്ധനം, മണൽ ഖനനം, ജലമലിനീകരണം, ക ണ്ടൽ കാടുകളുടെ നശീകരണം, മത്സ്യരോഗവ്യാപനം, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം, വിദേശ ജല സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.<br><br>ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു<br><br>ഉൾനാടൻ മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പൊതു |

ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം പദ്ധതി നടപ്പാക്കി വരുന്നു. ഇതിനായി 2016-17 സാമ്പത്തിക വർഷം 102.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മത്സ്യമേഖലയിലെ മത്സ്യലഭ്യത ഉറപ്പ് വരുത്തുന്നതിനും, മത്സ്യത്തൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതികൾ സഹായകരമാണ്.

കായലുകളിലേയും മറ്റ് ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ടും ചട്ടങ്ങളും പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നത് ഉറപ്പു വരുത്തുന്നതിനും ഉൾനാടൻ ജലാശയങ്ങളിൽ പട്രോളിംഗ് നടത്തിവരുന്നു. ഇതിനായി 2017-18 സാമ്പത്തിക വർഷം 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇക്കാര്യത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റിയുടെ ഇടപെടൽ എത്ര മാത്രം സാധ്യമാകുന്നുണ്ടെന്ന് അറിയിക്കാമോ; | ബി) | ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക, മത്സ്യവിഭവ സംരക്ഷണം സാധ്യമാക്കുക, മത്സ്യവിത്തുൽപ്പാദനം വർദ്ധിപ്പിക്കുക, അലങ്കാര മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) വഴി നടപ്പാക്കിവരുന്നു. |
| സി) | അക്വാകൾച്ചർ വികസനം സാദ്ധ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സി) | അക്വാകൾച്ചർ വികസനം സാധ്യമാക്കുന്നതിനായി ജലകൃഷിവ്യാപന പദ്ധതി, നൂതന മത്സ്യകൃഷി പ്രദർശന ഫാം പദ്ധതി, നീല വിപ്ലവം എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ നിലവിലുള്ള ഹാച്ചറികളുടെ നവീകരണവും, പുതിയ ഹാച്ചറികളുടെ സ്ഥാപനവും ഇതിന്റെ ഭാഗമായി നടത്തുന്നു. |

സെക്ഷൻ ആഫീസർ